# V M H S AMPALAPPURAM
# KOTTARAKARA

# DIGI MAG
2024

# ഉള്ളടക്കം

സൗഹൃദത്തിന്റെ വില.........................................................................1
ജീവിതവും യാഥാർത്ഥ്യവും..............................................................2
മഴവില്ല്.............................................................................................3
പുസ്തകം ആസ്വാദനം.......................................................................4
പറയാമോ ?????...............................................................................5
സ്വപ്ന ചിറക്.......................................................................................6
അമ്മ....................................................................................................7
"ജീവിതം ഒരു
പ്രതീക്ഷയാണ്" **..........................................................................8**
THE NATURE....................................................................................9
SOLVE ME.........................................................................................10
കുഞ്ഞി പൂച്ച**.......................................................................................**11
മഴ......................................................................................................11
നിലാവ്..............................................................................................12
BUZZING BEE..................................................................................13
THE SUN...........................................................................................13

# സൗഹൃദത്തിന്റെ വില

ഒരിടത്ത് റിയ, മധു എന്ന് പേരുള്ള രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു. ഇവർ രണ്ടു പേരും ഏറ്റവും നല്ല ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. ഇതിൽ റിയ എല്ലാ കാര്യവും മധുവിനോട് തുറന്ന് പറയാറുണ്ട്. എന്നാൽ മധു പലകാര്യങ്ങളും  റിയയിൽ നിന്നും മറച്ചു വക്കാറുണ്ടായിരുന്നു. റിയ മധുവിനെ തന്റെ ജീവന് തുല്യം സ്നേഹിച്ചിരുന്നു.അവൾക്ക് അവൻ തന്റെ സ്വന്തം സഹോദരനായിരുന്നു.എന്നാൽ അവൻ പലപ്പോഴും അവളെ കുത്തി നോവിക്കാറുണ്ടായിരുന്നു. അവൻ അവളെ മാത്രം അല്ല എല്ലാവരെയും കളിയാക്കുകയും വേദനിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നിട്ടും അവൾ അവനെ ഒരുപാട് ഇഷ്ടപ്പെട്ടു. എന്നാൽ മധു ഒരിക്കലും അവളുടെ സ്നേഹം തിരിച്ചറിഞ്ഞിരുന്നില്ല. പെട്ടെന്ന് ഒരു ദിവസം റിയ അസുഖം വന്നു മരിച്ചു. മധുവിന് ഇത് വളരെ വിഷമമായി. കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവൻ അവളെ മറക്കാൻ തുടങ്ങി. അവളുടെ എല്ലാം കാര്യവും അറിയാമായിരുന്ന ജാൻസി എന്ന ഒരാളുണ്ടായിരുന്നു. ജാൻസി മധുവിനെ കണ്ടു എല്ലാം പറയുന്നു. റിയക്കു മധുവിനെ എത്ര ഇഷ്ടമായിരുന്നുവെന്നും അവൾ തന്റെ കാര്യങ്ങളെക്കാൾ കൂടുതൽ ശ്രദ്ധിച്ചിരുന്നത് മധുവിന്റെ കാര്യമായിരുന്ന എന്നെല്ലാം. എന്നാൽ മധു റിയയെ ഒരുപാട് വിഷമിപ്പിച്ചിരുന്നു. മധുവിന് വല്ലാത്ത കുറ്റബോധം തോന്നി. എന്നാൽ അവനു റിയയെ കണ്ട് ഒരു മാപ്പ് പോലും പറയാൻ പറ്റില്ലായിരുന്നു. അപ്പോൾ അവൻ തന്നെ തന്നെ കുറ്റപ്പെടുത്താൻ തുടങ്ങി. അപ്പോഴാണ് അവനു മനസിലായത് നഷ്ടപ്പെട്ടുപോയ സൗഹൃദത്തിന്റെ വില. ഇനി അവനു അവളെ കാണാനോ ഒന്ന് മിണ്ടാനോ പറ്റില്ലെന്ന് ഓർത്തു അവൻ ദിവസവും കരഞ്ഞു. അവൻ അവളോട് പറഞ്ഞതെല്ലാം ഓർത്തു വളരെ വിഷമിച്ചു. അതിൽ പിന്നെ അവൻ ആരെയും വിഷമിപ്പിക്കുകയോ കളിയാക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതായി. റിയ അവന്റെ കൂടെ എപ്പോഴും ഉണ്ടെന്നായിരുന്നു അവന്റെ വിശ്വാസം.

RINCYMOL





DIGI MAG 2024


# ജീവിതവും യാഥാർത്ഥ്യവും

നമ്മുടെ ജീവിതത്തിലെ പല അനുഭവങ്ങളും ചിലപ്പോൾ നമ്മളെ ഒരുപാട് വേദനിപ്പിക്കുന്നത് ആയിരിക്കും. എന്നാലും അതെല്ലാം മനസ്സിലാക്കി ജീവിത വഴിയിലൂടെ മുന്നോട്ടു നീങ്ങുക എന്നതാണ് നമ്മൾ ചെയ്യേണ്ടത്. യാഥാർത്ഥ്യങ്ങൾ പലപ്പോഴും വേദനിപ്പിച്ചേക്കാം. എന്നാൽ പോലും യാഥാർത്ഥ്യം അതാണ് എന്ന് വിശ്വസിക്കാൻ ഉള്ള തിരിച്ചറിവ് ആണ് നമ്മൾക്ക് ഓരോരുത്തർക്കും ഉണ്ടാവേണ്ടത്. ജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ കയ്പ്പ് നിറഞ്ഞതാവാം അതിനെ മധുരമുള്ളതാക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മൾ ഓരോരുത്തരും വ്യത്യസ്തരാവുന്നത്.
നമ്മൾ ഏറ്റവും ഇഷ്ടപ്പെടുന്ന ഒരാൾപോലും മാറിയേക്കാം.........
പ്രിയപ്പെട്ടവർ വരെ തള്ളിപ്പറഞ്ഞേക്കാം.........
വേദനിപ്പിക്കാൻ ശ്രമിച്ചേക്കാം.....
ചിന്തിക്കാൻ വിഷമമുണ്ട്.
അംഗീകരിക്കാൻ പ്രയാസമാണ്.
പക്ഷേ ഇതാണ് യാഥാർത്ഥ്യം



SANGEETHA SURESH

# മഴവില്ല്






VAISHNAVI B S

# പുസ്തകം ആസ്വാദനം

# ഒരച്ഛൻ മകൾക്കയച്ച കത്തുകൾ

# -ജവഹർലാൽ നെഹ്റു

"1928-ലെ വന്നാൽക്കാലത്തു തന്റെ മകൾ ഇന്ദിരാ ( പ്രിയദർശിനി )ഹിമാലയത്തിൽ ഉള്ള മുസ്സൂറിയിലും ഞാൻ അടിവരത്തുമുള്ള സമഭ്രൂമിയിലും താമസിക്കുമ്പോൾ ഞാൻ അവൾക്കു എഴുതിയതാണ് ഈ കത്തുകൾ അവൾക്കു പത്തു വയസ്സ് ഉള്ളപ്പോൾ നെഹ്റു അച്ഛൻ എന്ന നിലയിൽ എഴുതിയതാണ് ഈ കത്തുകൾ. എന്നാൽ മാന്യൻമാരായ ചില സ്നേഹിതന്മാർ ഇവയിൽ ചില ഗുണങ്ങൾ കാണുന്നുണ്ട് അതുകൊണ്ട് കുറെ അധികം ദ്രുഷ്ടിയിൽ പെടുത്താൻ അവർ അഭിപ്രായപെടുകയും ചെയ്തു നെഹ്റു പറഞ്ഞു മറ്റു കുട്ടികൾക്ക് ഇത് എത്ര മാത്രം രസിക്കുമെന്ന് എനിക്ക് അറിഞ്ഞുകൂടാ എന്നാൽ എനിക്ക് ഇത് വായിക്കുമ്പോൾ ഈ ലോകം അനേകം രാഷ്ട്രങ്ങളെ ഒരു ലോകം കുടുംബമാണെന്ന് ക്രമേണ ചിന്തിക്കുവാൻ തുടങ്ങു മെന്നു നെഹ്റു വിശ്വസിക്കുന്നു എനിക്ക് അത് എഴുതിയപ്പോൾ ഉണ്ടായ സന്തോഷത്തിൽ ഒരംശം എങ്കിലും ആകുട്ടികൾക്ക് ഉണ്ടായേക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു "



ഒരു അച്ഛൻ മകൾക്കയച്ച കത്തുകൾ എന്ന പുസ്തകത്തിൽ അതിന്റെ ആമുഖത്തിൽ ജവഹർലാൽ നെഹ്റു ഈ വരികളിൽ കുറിച്ചത്
ഇന്ദിരാ മുസ്സൂറിയിലും താമസിക്കുമ്പോൾ നെഹ്റു അയച്ച കത്തുകൾ എന്ന പേരിൽ പിൽക്കാലത്തു പുസ്തകം അകപ്പെട്ടത് അച്ഛൻ മക്കൾക്കു സുഖ വിവരങ്ങൾ അന്വേഷിച്ച കൊണ്ട് എഴുതിയ കത്തുകൾ ആയിരുന്നില്ല അവ പകരം ഈ കത്തുകളിൽ തന്റെ മകൾ ലോകത്തെ അറിഞ്ഞു വളരാനുള്ളതെല്ലാം അദ്ദേഹം കുറിച്ചിരുന്നു ഭ്രൂമിയുടെ ഉത്ഭവം മനുഷ്യന്റെ പരിണാമം പ്രകൃതിയുടെ വൈവിദ്ധ്യം ജീവികളുടെ മൃഗങ്ങളുടെ മനുഷ്യരുടെ ആവിർഭാവം മനുഷ്യരിൽ വിവിധ വർഗ്ഗങ്ങൾ,ഭാഷകൾ,മതം, ആര്യൻമാരുടെ കുടിയേറ്റം എന്നിങ്ങനെ എല്ലാം മകൾക്കായി അദ്ദേഹം ലളിതം ആയി എഴുതി.
വിവിധ വിഷയങ്ങളിലേക്ക് തുറന്നിട്ട ജാലകങ്ങൾ ആണ് ഇതിലെ ഓരോ കത്തുകളും നെഹ്റു ഇന്റെ അറിവും കാഴ്ചപ്പാടും ആണ് ഈ കത്തുകളിലൂടെ കണ്ണോടിക്കുമ്പോൾ നമ്മുടെ ചിന്തകൾ വിശാലമായ ലോകത്തേക്ക് ചിറകടിച്ചുയരും പത്തു വയസുകാരിയായ മകൾക്കു അച്ഛൻ എഴുതിയ ഈ കത്തുകൾ അധ്യാപകർക്കും കുട്ടികൾക്കും ഒരു പോലെ പ്രകാശം ചൊരിയുന്ന വഴിവിളക്കാണ്.


DIGI MAG 2024

# പറയാമോ ?????



1 കണ്ണ കാണുന്നവരും കണ്ണുകാണാത്തവരും ഒരു പോലെ കാണുന്നത്?
2 ഞാൻ നിങ്ങൾക്കൊപ്പം ഓടാറുണ്ട്. എന്ന് കരുതി നടക്കാറില്ല എനിക്ക് കാലുകളുമില്ല?

3 എത്ര നുള്ളിയാലും തല്ലിയാലും കരയാത്ത കുട്ടി?

4 വാഴയിൽ ഉണ്ടാവുന്ന ആന?

5 കഴിക്കാൻ എടുക്കും പക്ഷേ ആരും കഴിക്കില്ല?
6 സ്ഥാനം മാറുമ്പോൾ പേര് മാറുന്ന വസ്തു?

7 സഞ്ചിയിൽ പൂച്ച കയറിയാൽ എന്ത് പറയും?

8 മരങ്ങൾക്കും ബാങ്കുകൾക്കും പൊതുവായി ഉള്ളത് എന്താണ്?

9 നട്ടാൽ മുളക്കാത്ത പയർ?

10 ലോകത്ത് എവിടെയും എന്റെ പേര് ഒന്ന് തന്നെയാണ്?

1 സ്വപ്നം
2 നമ്പർ പ്ലേറ്റ്
3 പാവക്കുട്ടി
4 ബനാന
5 പ്ലേറ്റ്
6 മുടി, താടി, രോമം
7 കിറ്റ്ക്യാറ്റ്
8 ശാഖ, ബ്രാഞ്ച്
9 അമ്പയർ
10 നമ്പർ പ്ലേറ്റ്.



SABARI A NAIR



DIGI MAG 2024

# സ്വപ്ന ചിറക്

ഒരു സുന്ദരമായ ഗ്രാമത്തിൽ ഒരു സുന്ദരി ആയ ഒരു പെൺകുട്ടി ഉണ്ടായിരുന്നു അവളുടെ പെൺകുട്ടിയുടെ പേര് കണ്ണക്കി എന്നാണ് ഒരു മിടുക്കി കുട്ടി ആയിരുന്നു അവൾ കണ്ണിനു കാഴ്ചയില്ലാത്ത ഒരു കുട്ടി ആയിരുന്നു അവളുടെ ശബ്ദം നല്ല മധുരം ഉള്ളതായിരുന്നു കണ്ണകി നല്ലത് പോലെ പാട്ട് പാടുമായിരുന്നു ആ ഗ്രാമത്തിൽ ഉള്ള എല്ലാവർക്കും അവളുടെ പാട്ട് വളരെ ഇഷ്ടം ആയിരുന്നു എന്നാൽ കണ്ണകിയ്ക്ക് ഒരു കുറവേ ഉള്ളായിരുന്നു കണ്ണിനു കാഴ്ച ഇല്ല എന്നത്. അവൾ ആ ഗ്രാമത്തോട് ചേർന്ന് ഇണങ്ങിയ ഒരു കുട്ടി ആയിരുന്നു പ്രകൃതിയോട് ചേർന്ന് ഇണങ്ങിയവൾ. അവളുടെ ലോകം അവളുടെ അച്ഛനും അമ്മയും ആ ചെറിയ ഗ്രാമവും ആയിരുന്നു അവളുടെ ഏറ്റവും വലിയ സ്വപ്നം ആയിരുന്നു എല്ലാ കുട്ടികളെ പോലെ തുള്ളിചാടി നടക്കണം എന്നാൽ അവളുടെ കണ്ണിനു കാഴ്ച ഇല്ലാത്തതിനാൽ അവളുടെ സ്വപ്നം ഒന്നും സഫലമായില്ല അവളുടെ അച്ഛൻ ജോലിക്ക് പോയി കിട്ടുന്ന തുച്ഛമായ പണം കുട്ടി വെച്ച് കണ്ണകി യുടെ കണ്ണ് സുഖമാക്കാൻ വേണ്ടി ഉള്ള പരിശ്രമത്തിൽ ആണ് അവളുടെ അച്ഛൻ അങ്ങനെ കുറെ ദിവസങ്ങൾ കഴിഞ്ഞു അവളുടെ കണ്ണിന്റെ ശസ്ത്രക്രിയ ഇനി രണ്ടു ദിവസം മാത്രം അവൾ അതീവ സന്തോഷവധി ആയിരുന്നു അങ്ങനെ ആ ദിവസം എത്തി അവളെ ആശുപത്രിയിൽ കൊണ്ട് പോയി അവളെ ശസ്ത്രക്രിയക്കു കേറ്റി ആ ഒരു ഗ്രാമത്തിൽ ഒള്ള എല്ലാവരും പ്രാർത്ഥിച്ചു അവരുടെ കണ്ണകിയ്ക്ക് വേണ്ടി അങ്ങനെ അവളുടെ കണ്ണിന്റെ ശസ്ത്രക്രിയ കഴിഞ്ഞു കണ്ണാടിയുടെ കണ്ണിന്റെ കാഴ്ച കിട്ടി അവൾ സന്തോഷിച്ചു അവളുടെ സ്വപ്നം സഫലമായി



DEVASENA V R

# അമ്മ



എല്ലാമെല്ലാം എന്റെ അമ്മ
വാത്സല്യനിധിയാണ് എന്നമ്മ
പാലും ചോറും തരുമമ്മ
ദേഷ്യപ്പെട്ടും വഴക്കിട്ടും ഓമനിക്കുമമ്മ
ഊഴിയിൽ സ്നേഹധാര എന്നമ്മ
അമ്മ അമ്മ എന്നമ്മ
സ്നേഹനിധിയാണ് എന്നമ്മ
എനിക്ക് കിട്ടിയ നിധിയാണ് എന്നമ്മ
എല്ലാമെല്ലാം എന്റെ അമ്മ



RINCYMOL

# "ജീവിതം ഒരു പ്രതീക്ഷയാണ്"

പ്രതീക്ഷയുടെ ഓട്ടപ്പാച്ചിലാണ് ജീവിതം. കയറ്റവും ഇറക്കവും ജീവിതത്തിൽ കാണാം.  വെളിച്ചവും ഇരുട്ടും കാണാം. ജീവിതത്തിൽ സങ്കടങ്ങൾ നൽകിയ കാലത്തെ  നാം വേഗം മറക്കാൻ ശ്രെമിക്കണം. എന്നാൽ അത് നൽകിയ ജീവിതപാഠങ്ങൾ മറക്കരുത്. ജീവിതം എന്നത് സുഖ ദുഃഖത്തിന്റെ മിശ്രമാണ്. ജീവിതം മുന്നോട്ട് പോകുന്നത് പ്രതീക്ഷയിലാണ്. നമുക്കെല്ലാവർക്കും ഒരു ജീവിതമേ ഉള്ളൂ നന്നായി ജീവിച്ചാൽ അതുതന്നെ മതിയാവും. കർമം ചെയ്യുവാനുള്ള അധികാരി താൻ ആണെങ്കിൽ കർമഫലത്തിനുള്ള അധികാരിയും താൻ തന്നെയാണ്.ജീവിതം നമ്മളെ മുന്നോട്ട് നയിക്കുന്നത് പ്രത്യാശിയിലൂടെയാണ്.ജീവിതത്തിലുള്ള എല്ലാ പ്രേശ്നങ്ങളെയും തരണം ചെയ്തുകൊണ്ട് മുന്നോട്ട് പോവുക.



VAISHNAVI B S

# THE NATURE

Blooming nature, blooming nature.
You are fresh and clear.
Your Greenery is well.
And I splendidly love you

Setting sun,setting sun
You are in west
Your colour is red
And my heart is red

Starry night,starry night
Beautiful starry night
Moonlight like a silver light.
Beautiful night, beautiful night.



JINCY JOHNSON

# SOLVE ME

1) A new medical building containing 100 offices had just been completed .Mark was hired to paint the numbers 1 to 100 on the doors.How many time will mark have to paint the number 9?

2) if 4 + 2 = 26,8+1= 79 and 6 + 5 =111.Then, what is 7 + 3=?

3) how do you make the number 7 an even number without addition, subtraction, multiplication or division?
4) There are certain men and horses in all,there are 20 heds and 72 feets. How many men and how many courses are there?

Answers

1)20

2)410

3) remove "s".Then resulting word is "Even".

4) 14 horses and 8 men.

# കുഞ്ഞി പൂച്ച



പൂച്ച പൂച്ച കുഞ്ഞി പൂച്ച
വെള്ളനിറമുള്ള കുഞ്ഞി പൂച്ച
സുന്ദരിയാണി കുഞ്ഞി പൂച്ച
ഓടി തിമിർക്കും കുഞ്ഞി പൂച്ച
ചാടി മറിയും കുഞ്ഞി പൂച്ച
ചാഞ്ഞുറങ്ങും കുഞ്ഞി പൂച്ച
കുറുമ്പത്തിയാണ് കുഞ്ഞി പൂച്ച
പൂച്ച പൂച്ച കുഞ്ഞി പൂച്ച
എൻ്റെ മാത്രമീ കുഞ്ഞി പൂച്ച



SANGEETHA SURESH

# മഴ

മഴ  മഴ  പെയുന്നു!
മയിലുകൾ  നൃത്തം വെക്കുന്നു.
പല  പല നിറമതാ മാനത്ത്!
മഴവിൽ അത്ഭുതമാണലോ!
തവളകൾ  പാട്ടുകൾ പാടുന്നു!
തകൃതിയായി  മഴകൾ പെയ്യുന്നു!



SREELEKSHMI A S

DIGI MAG 2024

# നിലാവ്

ഒരു ദിവസം രാത്രി ഞാൻ ചേട്ടനുമായി വഴക്ക് കൂടിയപ്പോൾ അമ്മ വന്ന് എന്നെ വഴക്കുപറഞ്ഞു. അമ്മയുടെ ഓരോ വാക്കുകളും എന്റെ മനസ്സിൽ മുറിവുണ്ടാക്കി. ഞാനെന്റെ മുറിയിലേക്ക് ഓടിപ്പോയി. ജനലിന്റെ അരികിലിരുന്ന് ആകാശത്തേക്ക് നോക്കി ആ കാഴ്ചയ്ക്ക് പറഞ്ഞറിയിക്കാൻ കഴിയാത്തത്ര ഭംഗിയുണ്ടായിരുന്നു. അമ്പലക്കുളത്തിലെ ആമ്പൽ പൂവുകൾക്കു നടുവിൽ ഒരു താമരപ്പൂ നിൽക്കുന്നതുപോലെ നിലാവും നക്ഷത്രങ്ങളും. ആകാശത്തിലെ വിസ്മയിക്കുന്ന കാഴ്ചകൾ കണ്ടിരുന്നപ്പോൾ എന്റെ മനസ്സിലെ മുറിവുകൾ ഉണങ്ങുന്നതായി എനിക്ക് അനുഭവപ്പെട്ടു. എന്നാലും എന്റെ മനസ്സ് സങ്കടം കൊണ്ട് വിങ്ങിപ്പൊട്ടി. അപ്പോൾ ഞാൻ പോയി കിടന്നു. കിടന്നപ്പോൾ എനിക്ക് ഉറക്കം വന്നില്ല.  ഞാൻ അവിടെ കിടന്ന് ജനലിലൂടെ നിലാവിനെ നോക്കി.  നിലാവ് എന്നെ വിഷമത്തോടെ നോക്കുന്നതായി എനിക്ക് തോന്നി. കുറച്ചുനേരത്തിനുശേഷം അമ്മ വന്ന് എന്നെ കെട്ടിപ്പിടിച്ചുമ്മ വച്ചു. അപ്പോൾ എനിക്ക് വളരെയധികം സന്തോഷമായി. അപ്പോൾ നിലാവിനെ നോക്കിയപ്പോൾ നിലാവ് എന്നെ നോക്കി ചിരിക്കുന്നതായി എനിക്ക്  തോന്നി.ഞാൻ ചെറുപുഞ്ചിരിയോടെ നിലാവിനെ നോക്കി കിടന്നു.



NIRANJANA R

# Buzzing Bee

Buzz Buzz , Honey Bee
You collect the sweet honey
From flower to flower
You make the honey very sweet
Buzz Buzz , Honey Bee

Buzz Buzz , Honey Bee
You are flying high , so merrily
1Your home was very prettyYou are very beautiful
Buzz Buzz , Honey Bee



Anitta Joy

# The sun


The sun is shining
The sun is shining
With me
I was playing in the garden with my friends
The sun is shining
With me and my friends
The rain comes to me
The shining sun go away with the clouds
I too go home



JUSTIN A



DIGI MAG 2024


നന്ദി